**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3981** | **06-08-2021 - ൽ മറുപടിയ്ക്ക്**

**സിനിമ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ഭീഷണി സിനിമ ചിത്രീകരണ മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കോവിഡിന്റെ സാഹചര്യത്തിൽ ഷൂട്ടിംഗ് മുടങ്ങിയതിനാൽ ദിവസവേതനക്കാരായ നിരവധി സിനിമാ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം വഴിമുട്ടിയിരിക്കുകയാണ്. നിലവിൽ 50 പേരെ വെച്ചുകൊണ്ടുള്ള ഇൻഡോർ ഷൂട്ടിംഗിന് അനുമതിയുണ്ടെങ്കിലും പ്രധാനതാരങ്ങളും സാങ്കേതിക പ്രവർത്തകരും ചേർന്നാൽ 50 പേരോളം വരുമെന്നതിനാൽ ജൂനിയർ ആർട്ടിസ്റ്റുകൾ ഉൾപ്പെടെയുള്ളവരെ ചിത്രീകരണത്തിൽ പങ്കെടുപ്പിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ തീയേറ്ററുകളെല്ലാം ഇപ്പോൾ പ്രവർത്തനരഹിതമാണ്. സിനിമാ ഷൂട്ടിംഗിന് പൊതുസ്ഥലത്ത് അനുമതി നൽകാൻ കഴിയാത്തതിനാൽ ചലച്ചിത്ര നിർമ്മാണ രംഗത്ത് പ്രതിസന്ധി ഉണ്ട്. കോവിഡ് മാറുന്ന മുറക്ക് ഈ കാര്യം പരിഗണിക്കും. |
| (ബി) | സിനിമ മേഖലയിലെ തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് തന്നെ സിനിമ, സീരിയൽ ഷൂട്ടിംഗ് നടത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കോവിഡ് സാഹചര്യം നിലനിൽക്കുമ്പോഴും കൂടി നല്ലൊരുശതമാനം സിനിമകളുടെയും ചിത്രീകരണം കേരളത്തിൽ തന്നെയാണ് നടക്കുന്നത്. ഫലപ്രദമായ മുൻകരുതൽ എടുത്ത് ചലച്ചിത്ര നിർമ്മാണത്തിനായി കെ.എസ്.എഫ്.ഡി.സി.യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ, സീരിയൽ ഷൂട്ടിംഗിനായി സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്റ്റുഡിയോ അണുനശീകരണം നടത്തുകയും ചിത്രീകരണത്തിനായി എത്തുന്ന ഓരോ സിനിമാ പ്രവർത്തകരേയും തെർമ്മൽ സ്കാൻ നടത്തി, സാനിറ്റൈസ് ചെയ്താണ് സ്റ്റുഡിയോയിലേക്ക് പ്രവേശിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കോവിഡ് ചട്ടങ്ങൾ പൂർണമായി പാലിച്ച് സിനിമാ നിർമ്മാണത്തിനായി എല്ലാവിധ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോവിഡ് മൂലം പ്രതിസന്ധിയിലായ തീയേറ്റർ ഉടമകളെ സഹായിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ തീയേറ്റർ ഉടമകളെ സഹായിക്കുവാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഫിക്സഡ് ചാർജ്ജ് പകുതിയാക്കുകയും വൈദ്യുതി ബില്ലുകൾ ഘട്ടം ഘട്ടമായി ഒടുക്കുവാനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. കൂടാതെ 2021 മാർച്ച് 31 വരെയുള്ള വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ